# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.624 24.01.2018-ലെ മറുപടിയ്ക്ക്

## കായിക താരങ്ങൾക്ക് ജോലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായ-വാണിജ്യ-കായിക യുവജനകാര്യ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന സർക്കാർ സർവ്വീസിൽ 2011 മുതൽ നാളിതുവരെ വിവിധ സ്പോർട്സ് ഇനങ്ങളിൽ എത്ര പുരുഷ ,വനിതാ കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട്; വിശദമാക്കമോ; | (എ) | 22.07.2017-ലെ ജി.ഒ(എം.എസ്) നം.235/2017/ജി.എ.ഡി പ്രകാരം ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പകളിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകളിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗെയിംസിൽ ഒളിമ്പിക് നിലവാരം പുലർത്തിയ കായിക താരങ്ങളായ ശ്രീ.സജൻപ്രകാശ്, കുമാരി. എലിസബത്ത് സൂസൻ കോശി എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് & പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത നിലവാരം പുലർത്തിയ മറ്റ് രണ്ട് കായിക താരങ്ങളായ കുമാരി അനിൽഡ തോമസിനും കുമാരി അനു.ആർ-നും വനം-വന്യ ജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഓരോ വർഷവും വിവിധ സ്പോർട്സ് ഇനങ്ങളിൽ എത്ര പേരെയാണ് നിയമിക്കുന്നത്; വിശദമാക്കുമോ; | (ബി) | പ്രതിവർഷം 50 ഒഴിവുകളാണ് സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം കായിക താരങ്ങളുടെ നിയമനത്തിനായി നീക്കി വച്ചിട്ടുള്ളത്. ആയതിൽ പ്രതിവർഷം 2 ഒഴിവുകൾ വീതം വിഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായും ഒരു ഒഴിവ് വീതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് മൂന്ന് വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കി വച്ചിട്ടുള്ളതുമാണ്. |
| (സി) | ഇങ്ങനെ തെരെഞ്ഞെടുക്കപ്പെട്ട കായിക താരങ്ങളെ നാളിതുവരെ നിയമിയ്ക്കാതെ ഇരിയ്ക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന കായിക താരങ്ങൾക്ക് സമയബന്ധിതമായി നിയമനം നൽകിവരുന്നുണ്ട്. |
| (ഡി) | ഏതെങ്കിലും വർഷങ്ങളിൽ സ്പോർട്സ് ക്വാട്ടാ നിയമനം നടത്താതിരുന്നിട്ടുണ്ടോ ; വിശദമാക്കുമോ; | (ഡി) | 2009 വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2010-2014 വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ഇ) | ഏതു കാലഘട്ടത്തിലെ / വർഷത്തെ മാനദണ്ഡം വച്ചാണ് കായിക താരങ്ങളെ നിലവിൽ തെരെഞ്ഞെടുക്കുന്നതെന്നു വിശദമാക്കുമോ; | (ഇ) | സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ പരിഷ്കരിച്ചു വരുന്നുണ്ട്. 23.07.2014-ലെ ജി.ഒ(പി)നം.206/2014/ജി.എ.ഡി ഉത്തരവ് പ്രകാരമാണ് സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങൾ അവസാനമായി പരിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെയും തുടർന്നുള്ള ഭേദഗതികളുടെയും അടിസ്ഥാനത്തിലാണ് ഇപ്പോൾ സ്പോർട്സ് ക്വാട്ട നിയമനങ്ങൾ നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| (എഫ്) | ഓരോ വർഷവും സർക്കാർ സർവീസിലേക്ക് എടുത്ത കായികതാരങ്ങളുടെ എണ്ണം കുറവാണെന്നത് പരിഗണിച്ച്, ഓരോ ഗെയിമിലും, അത്‌ലറ്റിക്സിലും നിന്നും കായിക താരങ്ങളുടെ എണ്ണം സർക്കാർ സർവീസിൽ കൂട്ടി, നല്ല കായിക തലമുറയെ വാർത്തെടുക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**